<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6709</u> <u>11-11-2021 - ൽ മറുപടിയ്ക്ക്</u>

<u>വാഹനങ്ങളുടെ പുനഃരജിസ്ട്രേഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനം പൊളിക്കൽ നയത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് ഇളവും പഴയ വാഹനങ്ങളുടെ പുനഃരജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവയ്ക്ക് വൻനിരക്കും നിശ്ചയിച്ച് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) | പഴയ വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം ഒരു പരിധി വരെ തടയുന്നതിന് വേണ്ടിയാണ് ഇത്തരം വാഹനങ്ങളുടെ പുനഃരജിസ്ട്രേഷൻ, ഫിറ്റ്നസ്സ് എന്നിവയ്ക്ക് ഉയർന്ന നിരക്കും പുതുതായി എടുക്കുന്ന വാഹനങ്ങൾക്ക് ഇളവും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പുനഃരജിസ്ട്രേഷൻ, ഫിറ്റ്നസ്സ് എന്നിവയ്ക്കുള്ള ഉയർന്ന ഫീസ് 01/04/2022-ന് മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത ചട്ട ഭേദഗതി അംഗീകരിയ്ക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥരാണ്. |
| (ബി) | പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയവയ്ക്ക് വാഹനം പൊളിക്കൽ കേന്ദ്രം നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുകയില്ലെന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | ശരിയാണ്. പഴയ വാഹനം പൊളിക്കുന്നതിനായി ടി വാഹനം അംഗീകൃത scrapping centre –ന്റെ മുമ്പാകെ സമർപ്പിച്ച് ലഭ്യമാകുന്ന ‘certificate of deposit’ ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത വ്യക്തി വാങ്ങുന്ന പുതിയ വാഹനത്തിന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുകയില്ല എന്ന് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചട്ടം 01/04/2022 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. |
| (സി) | 15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ ഫീസ്, ഫിറ്റ്നസ് ടെസ്റ്റ് ഫീസ് എന്നിവയ്ക്ക് അധികതുക നൽകേണ്ടിവരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (സി) | 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ടിലെ സെക്ഷൻ 64 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 1989-ലെ Central Motor Vehicle Rules 01/04/2022 മുതൽ പ്രാബല്യത്തിൽ വരുന്ന വിധം 04/10/2021 – ലെ G.S.R 714(E) എന്ന വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ എതിർപ്പുകളും, നിർദ്ദേശങ്ങളും (objections and suggestions) സ്വീകരിച്ച് ആയവ പരിഗണിച്ചതിന് ശേഷമാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചത് എന്ന് എടുത്ത് പറയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ